നം.കെ.എസ്.എ-കെ.ടി.എം.പി.15-1860/18 തീയതി : 08.10.2018

# കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.17 മുതൽ 31.7.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുരേഷ് രാജു ഡി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഓഡിറ്റിന് വിനിയോഗിച്ച സമയം |
|---|---|
| എം എൻ രാധാകൃഷ്ണൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 14.08.2018 മുതൽ 16.08.2018 വരെ,<br>05.09.2018 മുതൽ 12.09.2018 വരെ |
| മനു എം, സീ.ഗ്രേ ഓഡിറ്റർ | |
| യോഗേഷ് ആർ, ഓഡിറ്റർ | |
| ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ | |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ലൂസമ്മ ജെയിംസ് | 01.04.2017- 11.04.2017 |
| | പത്മാ ചന്ദ്രൻ (ഇൻ ചാർജ്ജ്) | 12.04.2017- 08.05.2017 |
| | അന്നമ്മ രാജു | 09.05.2017- 31.03.2018 |
| സെക്രട്ടറി | ബെവിൻ ജോൺ വർഗീസ് | 01.04.2017- 25.08.2017 |
| | ജോസ് പ്രകാശ് എ വി | 26.08.2017- 31.03.2018 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | സബിത എസ് വാലുങ്കൽ | 1.4.17 – 31.03.2018 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | മോളി റ്റി ഐസക്ക് | 1.4.17 - 12.09.2017 |
| | ജാൻസി കെ കോശി (ഇൻ ചാർജ്ജ്) | 13.09.2017-12.11.2017 |
| | എലിസബത്ത് പുന്നൂസ് | 13.11.2017-31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | സനൂജാ ബീഗം | 1.4.17 –14.01.2018 |
| | ഗോപകുമാർ | 15.01.2018-31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജോഷി ജോസഫ് | 1.4.17 – 31.03.2018 |
| വ്യവസായ വികസന ഓഫീസർ | എം ആർ സന്തോഷ് | 1.4.17 – 31.03.2018 |
| സി ഡി പി ഒ | കെ മീനാകുമാരി | 1.4.17 –20.06.2017 |
| | സുലോചന | 21.06.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി, തലയോലപറമ്പ് | ഡോ.രേണു ആർ | 1.4.17 – 31.03.2018 |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി, അറുന്നൂറ്റിമംഗലം | ഡോ.ബിജു | 1.4.17 – 31.03.2018 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |

| | |
|---|---|
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | ആഭ്യന്തര നിയന്ത്രണം |
| 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-9 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഇ-ടെൻഡർ--ടെൻഡർ ഫീ കൈമാറിയിട്ടില്ല |
| 2-2 | സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുള്ള ബാങ്ക് അക്കൗണ്ട് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സി.എച്ച്.സി.കളിലേയ്ക്ക് മരുന്ന് വാങ്ങൽ |
| 3-2 | പാടശേഖരങ്ങളിൽ പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ--അപാകത |
| 3-3 | ബ്ലോക്ക് വിഹിതമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്. |
| 3-4 | വിനിയോഗ സാക്ഷ്യപത്രങ്ങളില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-5 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി--വീട് പണി പൂർത്തിയാക്കേണ്ടതാണ് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22/03/2017 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.03.2018 | 30.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22900830 |
| വരവ് | 78122708 |
| ആകെ | 101023538 |
| ചെലവ് | 85984981 |
| നീക്കിയിരിപ്പ് | 15038557 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27673808(*) | 27673808 | 27673808 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13239919 | 13239919 | 13239919 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 224000 | 224000 | 224000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3457000 | 3457000 | 3435149 | 21851 |
| റ്റി.എസ്.സി. | 535983 | 60994 | 596977 | 37590 | 559387 |
| സാക്ഷരത | 273080 | 101784 | 374864 | - | 374864 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 4996062 | 3582000 | 8578062 | 7635348 | 942714 |

(*) വാർഷിക ധനകാര്യപത്രിക, എ സി ആർ എന്നിവ പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസന ഫണ്ട് (സാധാരണ വിഹിതം) ചെലവ് തുകയിലെ വ്യത്യാസം- വ്യക്തമല്ല

വികസന ഫണ്ട് (സാധാരണ വിഹിതം) ന്റെ തൻവർഷചെലവ് വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം 27673808 രൂപയും ഐ കെ എം ചെലവ് പത്രിക പ്രകാരം 27173808 രൂപയുമാണ്. ഇത് വികസന ഫണ്ടിൽ നിന്നും കല്ലറ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക ചെലവാക്കാതെ 31.03.2018ൽ തിരികെ നൽകിയതും, ആയതനുസരിച്ച് സാംഖ്യ വെബിൽ കുറവ് വരുത്തിയെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ കുറവ് വരുത്താത്തതിനാലാണ് ഈ വ്യത്യാസം നിലനിൽക്കുന്നതെന്ന് അനുമാനിക്കുന്നുവെന്നും ഉള്ള മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3) ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തി കാരണം കണ്ടെത്തി അറിയിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 90 | 70037330 | 73 | 49100984 | 7 | 10 |

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. നം.490/2017/DPC/DPO/KTM 05.12.17 തീയതി പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു

വർക്കിംഗ് ഗ്രൂപ്പ് യോഗം - 17.03.2017, 20.03.2017, 21.03.2017, 22.03.2017

പദ്ധതിരൂപീകരണഗ്രാമസഭകൾ- 26.04.2017, 23.02.18

വികസന സെമിനാർ- 28.02.18

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

അറുന്നൂറ്റിമംഗലം, തലയോലപ്പറമ്പ് കമ്മ്യൂണിറ്റ് ഹെൽത്ത് സെൻ്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ പ്രോജക്ടുകൾ നടപ്പാക്കി.

ക്യാൻസർ നിർണ്ണയ ക്യാമ്പ് ഫലപ്രദമായി നടപ്പാക്കുവാൻ സാധിച്ചു.

കല്ലറ മഹിളാമന്ദിരം കെട്ടിടനിർമ്മാണം പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചു.

വിവിധ എസ് സി, എസ് റ്റി കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചു.

കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് പാടശേഖരങ്ങളിലേക്കുള്ള നീരൊഴുക്ക് സൗകര്യം വർദ്ധിപ്പിച്ച് കൃഷിയോഗ്യമാക്കുക മുതലായ പ്രോജക്ടുകൾ നടപ്പാക്കി.

കോട്ടങ്ങൾ

- കടുത്തുരുത്തി, കല്ലറ ഗ്രാമപഞ്ചായത്തുകളിൽ വിവിധ പാടശേഖരങ്ങളിൽ പെട്ടി, പറ നിർമ്മിക്കുന്നതിന്ന പ്രവൃത്തി പ്രസ്തുത പഞ്ചായത്തുകളുമായി സംയുക്തമായി നടപ്പാക്കുന്നതിന് 21,70,000 രൂപ പരാമർശിത ഗ്രാമപഞ്ചായത്തുകളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല.
  47.46 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ (കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയത്) നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

## 1-7 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൻ്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.7.2018-13.7.2018 | 2016-17 |

| | | |
|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018- 21.03.2018 | 2013-14 – 2016-17 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി ബാധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിലെ വിവിധ ശീർഷകങ്ങളിലെ തുകയുടെ കൃത്യത വ്യക്തമല്ല.
3. ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുകകൾ മുഴുവനും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. എല്ലാ പാർട്ട് ബിൽ (വർക്ക് ബിൽ) തുകകളും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമായതിനാൽ ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
7. വികസന ഫണ്ട് (സാധാരണ വിഹിതം) ന്റെ തൻവർഷചെലവ് തുക ഐ.കെ.എം ചെലവുപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
8. സർക്കാർ ഗ്രാന്റ് ഒഴികെയുള്ളവർക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-4 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
9. റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക ഷെഡ്യൂൾ 7, 31 (വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയൊഴികെയുള്ള) എന്നിവയിൽ ലഭിച്ച തുകകളുടെ കൃത്യത വ്യക്തമല്ല.
10. റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക ഷെഡ്യൂൾ 10 പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമല്ല.
11. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെൻഡർ -ടെൻഡർ ഫീ കൈമാറിയിട്ടില്ല

2017-18 വർഷം താഴെ പറയുന്ന മരാമത്ത് വേലകൾ ഇ ടെന്റർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെന്റർ ഫീസ് കരാറുകാർ ഒടുക്കിയ തുക എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തനത്ഫണ്ട്

അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർ ഫീസ് (വാറ്റുൾപ്പെടെ) |
|---|---|---|---|---|
| 1 | വെള്ളാശ്ശേരി-പൂമാക്കരി തോട് ഇരു സൈഡുംകരിങ്കൽ കെട്ടി സംരക്ഷണ ഭിത്തി നിർമ്മിക്കുക, തോട് ആഴം കൂട്ടുക | 453845 | 2 | 1050 |
| 2 | കാഞ്ഞിരംമൂട് ചരളേൽ റോഡ് സൈഡ് കെട്ട് | 458557 | 1 | 1050 |
| 3 | ഇറുമ്പയം പാഴൂക്കാല റോഡ് സി എം എസ് എൽ പി എസ് റോഡ് സൈഡ് കെട്ട് റീടാറിംഗ് | 455925 | 2 | 1050 |
| 4 | വടകര നിരപ്പത്ത് പുലിമുഖം റോഡ് റീടാറിംഗ് | 455603 | 2 | 1050 |
| 5 | തോവലക്കാട് കന്യാകോൺ കടത്തുകടവ് റോഡ് ടാറിംഗ് പൂർത്തീകരണം | 471400 | 1 | 1050 |
| 6 | എടയാട്ട് പാടശേഖരം- വട്ടുകാട്ടിൽ - തട്ടേൽ ഭാഗം കലുങ്ക് നിർമ്മാണം | 453682 | 2 | 1050 |
| 7 | കപിക്കാട്-മടച്ചിറ റോഡ് റീടാറിംഗ് | 458981 | 1 | 1050 |
| 8 | മൂക്കംചാത്തിയേൽ അലരി റോഡ് ടാറിംഗ് | 473296 | 1 | 1050 |
| 9 | തോന്നല്ലൂർ, വരിക്കാംകുന്ന് സെറ്റിൽമെന്റ് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം | 465733 | 1 | 1050 |
| 10 | കാടശ്ശേരി കോളനി അടിസ്ഥാന സൗകര്യ | 465550 | 1 | 1050 |

| | | | | |
|---|---|---|---|---|
| | വികസനം | | | |
| 11 | തെക്കേക്കര തോട്, കുളം എന്നിവ ആഴം കൂട്ടി തെക്കേക്കര പാടശേഖരത്തിനുള്ള നീരൊഴുക്ക് സൗകര്യം വർദ്ധിപ്പിച്ച് കൃഷി യോഗ്യമാക്കൽ, ആപ്പാഞ്ചിറ പാടശേഖരത്തിന് നീരൊഴുക്ക് വർദ്ധിപ്പിക്കുക | 522465 | 3 | 1155 |
| 12 | കടുത്തുരുത്തി പടിഞ്ഞാറേപ്പുറം പാടശേഖരത്തിന് വാച്ചാൽ നിർമ്മാണം | 510104 | 1 | 1150 |
| 13 | എൽ എസ് ജി ഡി സബ്ഡിവിഷൻ കടുത്തുരുത്തിയിലേക്ക് കമ്പ്യൂട്ടറും സ്കാനറും വാങ്ങൽ | 190000 | 2 | 560 |
| 14 | അറുന്നൂറ്റിമംഗലം സി എച്ച് സി അടിസ്ഥാന സൗകര്യ വികസനം | 50000 | 2 | 350 |
| 15 | തലയോലപറമ്പ് സി എച്ച് സി- സ്ട്രക്ചറൽ ഡിസൈൻ | 145000 | 2 | 560 |
| 16 | എൽ.എസ്.ജി.ഡി ഓഫീസിലേയ്ക്ക് ലെവലിംഗ് ഇൻസ്ട്രുമെന്റ്സ് | 60000 | 1 | 560 |
| 17 | അറുന്നൂറ്റിമംഗലം സി എച്ച് സി ഇലക്ട്രിഫിക്കേഷൻ | 750000 | 2 | 1680 |
| 18 | ബ്ലോക്ക് ഓഫീസ് അടിസ്ഥാന സൗകര്യ വികസനം | 957000 | 2 | 2150 |
| 19 | വടക്കുംഭാഗം വാച്ചാലിനു കുറുകെ കലുങ്ക് നിർമ്മാണം | 500000 | 1 | 1120 |
| 20 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഓഡിറ്റോറിയം നിർമ്മാണം | 2000000 | 2 | 4480 |
| 21 | കാഞ്ഞിരംമൂട് ചരളേൽ റോഡ് സൈഡ് | 458557 | 4 | 1050 |

| | | | | |
|---|---|---|---|---|
| | കെട്ട് | | | |
| 22 | ഒറക്കണാംകുഴി എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം | 459766 | 3 | 1050 |
| 23 | കൊല്ലംപറമ്പ് മണിയാതുരുത്ത് റോഡ് രൂപീകരണം | 464640 | 2 | 1050 |
| 24 | തേവലക്കാട് കര്യാക്കോട് റോഡ് ടാറിംഗ് | 471400 | 1 | 1050 |
| 25 | മാതാംകരി ബി ബ്ലോക്ക് പാടം, കരിപ്പാമറ്റത്താഴം എഴുമാതുരുത്ത് പാടം റാമ്പ് നിർമ്മാണം | 466449 | 1 | 1050 |
| 26 | കപിക്കാട് മടച്ചിറ റോഡ് റീടാറിംഗ് | 458981 | 1 | 1050 |
| 27 | കൊടികുത്തി കോളനി അടിസ്ഥാന സൗകര്യ വികസനം | 454774 | 1 | 1050 |
| 28 | തോന്നല്ലൂർ, വരിക്കാംകുന്ന് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം | 465733 | 2 | 1050 |
| 29 | അഞ്ചേക്കർ കോളനി അടിസ്ഥാന സൗകര്യ വികസനം | 454724 | 2 | 1050 |
| 30 | കാടശ്ശേരി കോളനി അടിസ്ഥാന സൗകര്യ വികസനം | 465550 | 2 | 1050 |
| 31 | മടത്തക്കാട്ട് മിച്ചഭൂമി കോളനി അടിസ്ഥാന സൗകര്യ വികസനം | 469405 | 4 | 1050 |
| 32 | കല്ലുങ്കൽ കോലത്താംകോട് കുളം ആഴം കൂട്ടൽ. ചെറിയമുറിക്കണ്ണി, വലിയമുറിക്കണ്ണി പാടശേകരങ്ങളിൽ മോട്ടോർ ഷെഡ് നിർമ്മാണം | 905150 | 1 | 2030 |
| 33 | പടിഞ്ഞാറേപ്പുറം പാടശേഖരത്തിൽ വാച്ചാൽ നിർമ്മാണം | 510104 | 3 | 1150 |

| | | | | |
|---|---|---|---|---|
| 34 | വടക്കംഭാഗം വാച്ചാലിൽ കലുങ്ക് നിർമ്മാണം | 500000 | 1 | 1120 |

മേൽ തുക ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനും വാറ്റിനത്തിനുള്ള തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുള്ള ബാങ്ക് അക്കൗണ്ട്

2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുവേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.57040725788, എസ്.ബി.ഐ. കടുത്തുരുത്തി) 31.03.18 ൽ 2,34,841/- രൂപ നീക്കിയിരിപ്പുണ്ട്. സെൻസസിൽ ജോലി ചെയ്ത എന്യൂമറേറ്റർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് പ്രതിഫലം നൽകുന്നതിനും സെൻസസിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും അനുവദിച്ച തുകയും ബാങ്ക് പലിശയും ഉൾപ്പെടെയുള്ള നീക്കിയിരിപ്പാണിത്. പ്രതിഫലമിനത്തിൽ 2,18,050/- രൂപ കുടിശ്ശികയുണ്ടെന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. നീക്കിയിരിപ്പുള്ള തുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിന് ജില്ലാ ദാരിദ്ര്യലഘൂകരണവിഭാഗം പ്രോജക്ട് ഡയറക്ടറോട് അനുമതിയ്ക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്. (05.07.18 ലെ ഡി.1184/12 നമ്പർ കത്ത്) പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുക വിനിയോഗിച്ച് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സി എച്ച് സി കളിലേയ്ക്ക് മരുന്ന് വാങ്ങൽ

തലയോലപ്പറമ്പ്, അറുനൂറ്റിമംഗലം സി എച്ച് സി കളിലേയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.11/17-18) പദ്ധതിയുടെ ഭാഗമായി ബിൽ നം.2/28.09.2017 പ്രകാരം 800000/- രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 380934/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 419066/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതനുസരിച്ച് വിശദാംശം ഹാജരാക്കേണ്ടതാണ്, അതുവരെ 419066/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പാടശേഖരങ്ങളിൽ പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ - അപാകത

പദ്ധതി നം. SO.101/2018 പ്രകാരം കടുത്തുരുത്തി, കല്ലറ ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിൽ പെട്ടി, പറ, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിലേക്കായി, പൊതുവിഭാഗം സാധാരണ വിഹിതത്തിൽ 2170000/- രൂപ വകയിരുത്തിയതിൽ 2170000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 02/17-18 തീയതി 13.03.2018) കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 799011400001092 നമ്പർ അക്കൗണ്ടിലേയ്ക്ക് 1100000/-രൂപയും, കല്ലറ ഗ്രാമപഞ്ചായത്തിന്റെ 799011400002902 നമ്പർ അക്കൗണ്ടിലേയ്ക്ക് 1070000/-രൂപയും ഉൾപ്പെടെ ആകെ 2170000/- രൂപ ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്കനുസൃതമായി പെട്ടി, പറ, മോട്ടോർ മുതലായവ വാങ്ങിയതിനും പാടശേഖരങ്ങളിൽ സ്ഥാപിച്ചതിനുമുള്ള ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിലും അതിന്റെ പൂർത്തീകരണത്തിലും മോണിറ്ററിംഗിനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിതാന്ത ജാഗ്രതയും നിയന്ത്രണവും നിർദ്ദേശങ്ങളും ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്. ഇത് സംബന്ധിച്ച് അന്വേഷണക്കുറിപ്പ് (അന്വേഷണക്കുറിപ്പ് നം.02/07.09.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതിയുടെ പൂർത്തീകരണവുമായി സംബന്ധിച്ച്, ബന്ധപ്പെട്ട രേഖകളടക്കം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2170000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ബ്ലോക്ക് വിഹിതമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

ഞീഴൂർ ഗ്രാമപഞ്ചായത്തിന് കിണർ റീചാർജ്ജിംഗിന് അനുബന്ധ സഹായം എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.17/18) 500000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.79901400000816) നൽകിയിരുന്നു (ബിൽ നം.30/17-18/28.11.17). എന്നാൽ ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 01.08.2018 ലെ A-25/18 നമ്പർ കത്ത് പ്രകാരം പ്രസ്തുത തുക ചെലവഴിക്കാതെ അവശേഷിക്കുകയാണെന്നും തുക തിരിച്ചടവാക്കുന്നതിലേക്കായി ബാങ്കിന്റെ വിശദാംശങ്ങൾ നൽകണമെന്നും ബ്ലോക്കിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) മറുപടിയായി പ്രസ്തുത തുക സർക്കാർ അക്കൗണ്ടിൽ തിരികെ അടവാക്കി രസീത് ഹാജരാക്കുവാൻ ഞീഴൂർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുക അടിയന്തിരമായി സർക്കാർ ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രങ്ങളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1. 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ 4746000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/ പേര് | തുക | ഫണ്ട് | സ്ഥാപനം | ചെലവിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | 15/18-മുളക്കുളം ഗ്രാമപഞ്ചായത്തിലെ കട്ടകത്തിപ്പടി , കുരിശുംമല റോഡ് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 500000 | വികസനഫണ്ട് (പൊതുവിഭാഗം) | വാട്ടർ അതോറിറ്റി | 8/17-18, 31.07.17 |
| 2 | 16/18-ഞീഴൂർ, മുളക്കുളം, കടുത്തുരുത്തി പഞ്ചായത്തുകളിലെ എസ്.സി സങ്കേതങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘപ്പിക്കൽ | 4130000 | വികസനഫണ്ട് (എസ്.സി.പി) | വാട്ടർ അതോറിറ്റി | ബിൽ നം.13/17-18, 18.09.17 |
| 3 | 98/18-കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 116000 | വികസനഫണ്ട് (പൊതുവിഭാഗം) | വാട്ടർ അതോറിറ്റി | ബിൽ നം.34/17-18, 08.12.17 |
| | ആകെ | 4746000 | | | |

2.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള താഴെപറയുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം/ പേര് | തുക | സ്ഥാപനത്തിന്റെ പേര് | ചെലവിന്റെ വിശദാംശം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 04/18 - പാലിയേററീവ് കെയർ പ്രവർത്തനങ്ങൾക്ക് സഹായം | 150000 | തലയോലപ്പറമ്പ് ഗ്രാ.പ | ബിൽ നം. 38/17-18,15.01.18 |
| | | 150000 | വെള്ളൂർ ഗ്രാ.പ | 20/17-18, 30.10.17 |
| | | 150000 | ഞീഴൂർ ഗ്രാ.പ | 21/17-18, 31.10.17 |
| | | 150000 | കല്ലറ ഗ്രാ.പ | 25/17-18, 17.11.17 |
| | | 150000 | മുളക്കുളം ഗ്രാ.പ | 32/17-18, 08.12.17 |
| 2 | 8/18 - ബഡ്സ് സ്കൂളിന് ധനസഹായം | 500000 | ഞീഴൂർ ഗ്രാ.പ | 40/17-18, 15.01.18 |
| 3 | 19/18- എസ്.റ്റി സങ്കേതത്തിന്റെ അടിസ്ഥാന സൗകര്യ വികസനം- അനുബന്ധ സഹായം | 104000<br>45000<br>75000 | കടുത്തുരുത്തി ഗ്രാ.പ | 36/17-18, 15.01.18<br>61/17-18, 21.02.18<br>73/17-18, 13.03.18 |
| 4 | 3/18- സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം | 800000 | സാമൂഹ്യ സുരക്ഷാ മിഷൻ | 02/17-18, 13.07.17 |
| | ആകെ | 2274000 | | |

7020000 (4746000+2274000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി-വീട് പണിപൂർത്തിയാക്കേണ്ടതാണ്

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിന് വേണ്ടി ജനറൽ, എസ്.സി വിഭാഗങ്ങൾക്കായി 2 പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിരുന്നു (പ്രോജക്ട് നം.99/18, 100/18). ഇപ്രകാരം ധനസഹായം നൽകിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | നൽകിയ തുക |
|---|---|---|
| 1 | ബിന്ദു പ്രഭാകരൻ, ചാത്തംപുറം, ആയാംകുടി | 70000 |
| 2 | അമ്പിളി രാജു, മാളിയേക്കൽ, മേവെള്ളൂർ | 120000 |
| 3 | അജിതാ സുരേന്ദ്രൻ, കുന്നംപുറത്ത്, കടുത്തുരുത്തി | 50000 |
| 4 | റജീന ബിനോയ്, ചന്ദ്രവേലിൽ | 125000 |
| 5 | ഷൈല രാജപ്പൻ, രാജീവ് ഭവൻ | 256666 |

| | | |
|---|---|---|
| 6 | ശാലിനി ശ്രീകുമാർ, കിഴക്കേനീരുഴിക്കൽ, കല്ലറ | 260000 |
| 7 | ശ്യാമള ശശിധരൻ, കോരിക്കൽ കോളനി തലയോലപ്പറമ്പ് | 220000 |
| 8 | റ്റിനു രതീഷ്, തോട്ടുപുറം | 30000 |
| 9 | തങ്കമ്മ കുഞ്ഞുകുഞ്ഞ്, കോരിക്കൽ കോളനി തലയോലപ്പറമ്പ് | 200000 |
| 10 | തങ്കമ്മ കുട്ടപ്പൻ, കൊല്ലംകുന്നേൽ, തലയോലപ്പറമ്പ് | 260000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1)ന് മറുപടിയായി പഞ്ചായത്ത് മെമ്പർമാർ, വി.ഇ.ഒ മാർ എന്നിവർ മുഖേന പല മുന്നറിയിപ്പുകൾ നൽകിയിട്ടും ടി വ്യക്തികൾ നാളിതുവരെ പണിപൂർത്തിയാക്കാൻ തയ്യാറായിട്ടില്ലെന്നും ആയതിനാൽ ടി വ്യക്തികളോട് രണ്ട് മാസത്തിനുള്ളിൽ വീട്പണി പൂർത്തിയാക്കിയില്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ ജില്ലാ പഞ്ചായത്ത്, വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| കല്ലറ ഗ്രാമപഞ്ചായത്ത് | 2017-18 | 2,22,250 | മുല്ലമംഗലം പാലക്കാമറ്റം ടാറിംഗ് & റീടാറിംഗ് | 2,22,250 |
| ജില്ലാ പഞ്ചായത്ത് | “” | 25,00,000 | പി എം എ വൈ വിഹിതം | --- |
| ജില്ലാ പഞ്ചായത്ത് | “” | 35,65,828 | ലൈഫ് മിഷൻ വിഹിതം | --- |
| ആകെ | | 6288078 | | |

സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ (കടുത്തുരുത്തി സബ്ട്രഷറി അക്കൗണ്ട് നം.799011400003005) 2017-18 വർഷം ക്രഡിറ്റ് ആയിട്ടുള്ള തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 16/17-18- കടുത്തുരുത്തി, ഞീഴൂർ, മുളക്കുളം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളപദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | എസ് ബി റ്റി കടുത്തുരുത്തിയിലെ 67264609264 നം അക്കൗണ്ടിലെക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു | 41,30,000 | പൂർത്തിയായിട്ടില്ല |
| " " | 15/17-18- മുളക്കുളം ഗ്രാമപഞ്ചായത്തിലെ കുരിശുമല റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | " " | 5,00,000 | " " |
| " " | 98/17-18- കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ വാർഡ് 7 ൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | " " | 1,16,000 | " " |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽവരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ ഐവൈ ലോൺ | ജി.ഒ(എം.എസ്) 90/13, ത.സ്വ.ഭ.വ, 14.03.2013 | 2534500 | 2534500 | 5,75,000 | - | 19,59,500 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-3(5-1) | റീ ഇമ്പേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |
| 2003-04 | 3-2 | 2006-07 | 3-3(1-1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു. | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101023538 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85984981 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല` |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9609066 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,19,066 | ഡോ.ബിജ്ജു, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. അറുന്നൂറ്റിമംഗലം |
| 3-2 | 21,70,000 | എലിസബത്ത് പുന്നൂസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-4 | 13,00,000 | ബെവിൻ ജോൺ വർഗീസ്, സെക്രട്ടറി |
| | 57,20,000 | ജോസ് പ്രകാശ് എ.വി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിജ്ജു, മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അറുന്നൂറ്റിമംഗലം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അറുന്നൂറ്റിമംഗലം | മരിയകൃപ, കോഴ പി.ഒ, കുറവിലങ്ങാട് |
| എലിസബത്ത് പുന്നൂസ്, കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ | തേപ്പിൽപുത്തൻപുരയിൽ, കടുത്തുരുത്തി പി.ഒ. |
| ബെവിൻ ജോൺ വർഗീസ്, സെക്രട്ടറി | സെക്രട്ടറി, കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് | തോണിപ്പുരയ്ക്കൽ ഹൗസ്, മീനടം പി.ഒ, കോട്ടയം |
| ജോസ് പ്രകാശ് എ.വി, സെക്രട്ടറി | സെക്രട്ടറി കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് | ഗ്ലെൻ വില്ല, സൗത്ത് കല്ലട, കൊല്ലം |

## **4-10** തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയതി 23.10.14 | 01 |
| 1998-99 | എൽ.എഫ്.കെ.പി1/955/02തീയതി 26.5.03 | 06 |
| 1999-00 | എൽ.എഫ്.കെ.പി1/380/01തീയതി 25.10.12 | 15 |
| 2000-01,01-02 പ്ളാൻ | എൽ.എഫ്.കെ.പി1/705/03തീയതി 12.4.04 | |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയതി 13.9.06/11.10.06 | |
| 2004-05 | എൽ.എഫ്.കെ.പി1/323/07തീയതി 25.10.12 | 08 |
| 2005-06 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(2)/18, 07.05.18 | |
| 2006-07 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(3)/18, 07.05.18 | |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയതി 11.6.13 | |
| 2008-09 | എൽ.എഫ്.കെ.പി9/209/11 തീയതി 17.6.13 | |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(4)/18, 07.05.18 | |
| 2010-11 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(5)/18, 07.05.18 | 10 |
| 2011-12 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(6)/18, 07.05.18 | 3 |
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(8)/18, 07.05.18 | 2 |

| | | |
|---|---|---|
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(9)/18, 07.05.18 | 3 |
| 2015-16 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(10)/18, 07.05.18 | 4 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-380/17, 13.03.18 | 4 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.15-1860/18 തീയതി 08.10.2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 1-9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ എന്റെ അഭിപ്രായത്തിൽ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്താൻ

സാധിക്കുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം